സബ്മിഷൻ

ധനസഹായം

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഇക്കഴിഞ്ഞ 30-ാം തീയതി രാവിലെ 09.20-ന് വിഴിഞ്ഞം തുറമുഖ നിർമ്മാണ പ്രവർത്തനത്തിനായി കൊണ്ടുപോയ പാറക്കഷ്ണങ്ങൾ പുലിമുട്ട് നിറയ്ക്കാൻ ഇറക്കിയതിനുശേഷം ഒരു ടിപ്പർ ലോറി തിരിച്ച് അമിത വേഗതയിൽ വന്നതുകാരണം രണ്ട് കുട്ടികൾ സഞ്ചരിച്ചുവന്ന മോട്ടോർ ബൈക്കിലിടിച്ച് വീണ് 20 ഉം 18 ഉം വയസ്സുള്ള ആ രണ്ടുപേരും അതിദാരുണമായി മരണപ്പെടുകയുണ്ടായി. അമിതഭാരം കയറ്റിയുള്ള ടിപ്പറുകളുടെ അമിതവേഗത ജനങ്ങളിൽ വലിയ ഭയമാണ് ആ പ്രദേശത്ത് സൃഷ്ടിച്ചിരിക്കുന്നത്. വാഹനങ്ങളുടെ വേഗത, ഭാരം കയറ്റുന്നത് സംബന്ധിച്ച് നിലവിൽ ചില നിയമങ്ങൾ ഉണ്ടെങ്കിലും അത് കർശനമായി പാലിക്കുന്നതിൽ അധികാരികൾ വേണ്ടത്ര ജാഗ്രത പുലർത്തുന്നില്ല. അത് കർശനമായി പാലിക്കാൻവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മരണപ്പെട്ടവരിൽ ബാലു, പി.ജി.ക്ക് അഡ്മിഷൻ ലഭിച്ചെങ്കിലും പഠിക്കാനുള്ള സാഹചര്യമില്ലാതെ ബിസ്കറ്റ് കമ്പനിയിൽ ജോലിക്ക് പോകുകയാണ്. രണ്ട് കുടുംബങ്ങളും നിർദ്ധന കുടുംബങ്ങളാണ്. ശവസംസ്കാരത്തിനുപോലും സ്വന്തമായി

ഭൂമിയില്ലാത്ത, ഈ കുടുംബങ്ങളുടെ ആശ്രയമായിരുന്ന ബാലുവും വിപിനും. ഈ കുട്ടികളുടെ അതിദാരുണമായ മരണം വലിയ നഷ്ടമാണ് ആ കുടുംബങ്ങൾക്ക് വരുത്തിയിട്ടുള്ളത്. ആ കുടുംബങ്ങൾക്ക് ആവശ്യമായ ധനസഹായം നൽകുന്നത് ഉൾപ്പെടെയുള്ള എല്ലാ സഹായവും സർക്കാരിന്റെ ഭാഗത്തുനിന്ന് ലഭിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സ്കൂൾ, ഓഫീസ് സമയം ഇത്തരം വാഹനങ്ങൾ ഓടാതിരിക്കാനുള്ള നടപടികൂടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ടിപ്പർ ലോറികളുടെ മത്സര ഓട്ടം അനവധി മനുഷ്യ ജീവനുകൾ കവരുന്നുണ്ട്. ഇവയുടെ അമിത വേഗത നിയന്ത്രിക്കുന്നതിനായി 13.01.2006-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് വഴി ടിപ്പിംഗ് മെക്കാനിസം ഉപയോഗിക്കുന്ന എല്ലാ വാഹനങ്ങൾക്കും സ്പീഡ് ഗവേർണർ നിർബന്ധമാക്കിയിരുന്നു. 15.12.2012-ലെ സർക്കാർ ഉത്തരവുപ്രകാരം രാവിലെ 8 മണി മുതൽ 10 മണി വരെയും വൈകുന്നേരം 3 മണി മുതൽ 5 മണി വരെയും സംസ്ഥാനത്തെ റോഡുകളിൽ ഇത്തരം വാഹനങ്ങൾക്ക് ഗതാഗത നിരോധനം ഏർപ്പെടുത്തിയിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവ് നിർമ്മാണ മേഖലയെ സാരമായി ബാധിക്കുന്നുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 17.02.2014-ൽ നിയന്ത്രണം

രാവിലെ 9 മണി മുതൽ 10 മണി വരെയും വൈകുന്നേരം 4 മണി മുതൽ 5 മണിവരെയുമാക്കി ഉത്തരവ് പുറപ്പെടുവിച്ചു. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ 29.09.2016-ന് രാവിലെ 9 മണിയോടുകൂടി തിരുവനന്തപുരം ജില്ലയിൽ മാരായമുട്ടം പെട്രോൾ പമ്പിന് സമീപം TN 57 BA-6458 നമ്പർ ഹെവി ടിപ്പർ ലോറിയും KL 19 E-5397 നമ്പർ ബജാജ് പൾസർ മോട്ടോർ സൈക്കിളും കൂട്ടിയിടിച്ചതിന്റെ ഫലമായി മോട്ടോർ സൈക്കിളിൽ യാത്ര ചെയ്തിരുന്ന 20 വയസ്സുള്ള ബാലു, 18 വയസ്സുള്ള വിപിൻ എന്നീ ചെറുപ്പക്കാർ മരണപ്പെടുകയുണ്ടായി. പ്രസ്തുത ടിപ്പർ വാഹനം തമിഴ്നാട്ടിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. വാഹനത്തിന്റെ രേഖകളും ഡ്രൈവറുടെ ലൈസൻസ് വിവരങ്ങളും ഇതുവരെ ഹാജരാക്കിയിട്ടില്ല. മാരായമുട്ടം പോലീസ് സ്റ്റേഷനിൽ ടിപ്പർ ലോറി ഡ്രൈവറെ പ്രതിയാക്കി 1084/2016 നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 30.09.2016-ൽ ബഹുമാനപ്പെട്ട പാറശ്ശാല എം.എൽ.എ. യും ജില്ലാ കളക്ടറും കരാറുകാരുടെ പ്രതിനിധികളുമായി നടന്ന ചർച്ചയിൽ ഇരു കുടുംബങ്ങൾക്കുമായി 30 ലക്ഷം രൂപ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അടിയന്തര സഹായം അനുവദിക്കുന്നതാണ്. ഇത്തരമൊരു അപകടം

സംഭവിച്ചാൽ വാഹനത്തിന്റെ രേഖകളും ഡ്രൈവറുടെ ലൈസൻസ് വിവരങ്ങളും ഹാജരാക്കേണ്ടതുണ്ട്. എന്നാൽ ഇതുവരെ ഇവ ഹാജരാക്കിയിട്ടില്ല. എന്താണ് ഇതിന്റെ യഥാർത്ഥ സ്ഥിതിയെന്ന് കർശനമായ രീതിയിൽ പരിശോധിച്ച് കണ്ടെത്തേണ്ടതുണ്ട്. പെർമിറ്റും ആവശ്യമായ രേഖകളുമില്ലാതെ ഇത്തരം വാഹനങ്ങൾ ഓടുന്നുണ്ടോയെന്ന പരിശോധന കർശനമാക്കേണ്ടതാണ് എന്നാണ് ഇതിൽനിന്ന് വ്യക്തമാകുന്നത്. ഈ പരിശോധനയും കർശനമാക്കുന്നതാണ്.

ഭാരതപ്പുഴയുടെ സംരക്ഷണം

ശ്രീ. മുഹമ്മദ് മുഹസിൻ. പി: സർ, എന്റെ മണ്ഡലത്തിന്റെ പ്രധാന ഭാഗങ്ങളിലൂടെ കടന്നുപോകുന്ന നദിയാണ് ഭാരതപ്പുഴ. ഇന്ന് ഭാരതപ്പുഴയുടെ അവസ്ഥ വളരെ പരിതാപകരമാണ്. ഭാരതപ്പുഴയുടെ പല പ്രദേശങ്ങളും കയ്യേറ്റം നടത്തുകയും അവിടെ കൃഷി ചെയ്യുകയും കെട്ടിടങ്ങൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ അവിടെ മണലൂറ്റൽ വളരെ രൂക്ഷമായി തുടർന്നുകൊണ്ടിരിക്കുകയാണ്. ഇത് പരിശോധന നടത്തുന്ന പട്ടാമ്പിയിലെ സ്ക്വാഡിന് വാഹനംപോലുമില്ല. അവിടത്തെ ഏറ്റവും വലിയ പ്രശ്നം മാലിന്യ നിക്ഷേപമാണ്. നഗരസഭയുടെയും മറ്റ് പഞ്ചായത്തുകളുടെയും അഴുക്കുചാലുകൾ

ചെന്നവസാനിക്കുന്നത് ഭാരതപ്പുഴയിലാണ്. അത് തടയാനുള്ള യാതൊരു സംവിധാനവുമില്ല. പത്ത് പതിനെട്ട് വർഷങ്ങൾക്കുമുമ്പ് അത് ക്ലീൻ ചെയ്യാനുള്ള സംവിധാനമുണ്ടായിരുന്നെങ്കിലും ഇപ്പോൾ ആ സംവിധാനമില്ല. അറവ് മാലിന്യങ്ങളും അവിടെ നിക്ഷേപിക്കുന്നുണ്ട്. അടുത്ത് കാലത്ത് ഇത് സംബന്ധിച്ച് വലിയ പ്രശ്നങ്ങൾ നടന്നിരുന്നു. ചില പ്രദേശങ്ങളിൽ സർക്കാർ പിടിച്ചെടുത്ത വാഹനങ്ങൾ ഭാരതപ്പുഴയുടെ തീരത്താണ് ഡമ്പ് ചെയ്തിരിക്കുന്നത്. അവിടം സാമൂഹ്യ വിരുദ്ധരുടെ കേന്ദ്രമായി മാറിയിട്ടുണ്ട്. നഗരസഭയുടെ ബസ് സ്റ്റാന്റിന്റെ കംഫർട്ട് സ്റ്റേഷനിൽനിന്ന് നേരിട്ടാണ് ടോയ്ലറ്റ് മാലിന്യങ്ങൾ ഭാരതപ്പുഴയിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്നത്. ചില ആളുകൾ സെപ്റ്റിക് ടാങ്ക് വരെ ഭാരതപ്പുഴയിൽ ഉണ്ടാക്കിയിട്ടുണ്ടെന്നാണ് പറയപ്പെടുന്നത്. അന്യസംസ്ഥാന തൊഴിലാളികൾ ഷട്ടറിട്ട കടമുറികളിലാണ് താമസിക്കുന്നത്. അവർ പ്രാഥമിക കാര്യങ്ങൾ നിർവഹിക്കുന്നത് ഈ പുഴയിലാണ്. ഭാരതപ്പുഴയിലെ നൂറ് മില്ലീ വാട്ടറിൽ ആയിരത്തി ഒരുനൂറോളം കോളിഫോം ബാക്ടീരിയയാണ് കണ്ടെത്തിയിട്ടുള്ളത്. ഇത്തരത്തിൽ ജലത്തിൽ മാലിന്യം കലർന്നതിനാൽ മഞ്ഞപ്പിത്തം പോലുള്ള രോഗങ്ങൾ പടർന്നുപിടിക്കുന്നുണ്ട്. കയ്യേറ്റം ഒഴിപ്പിക്കാനും ഭാരതപ്പുഴ ക്ലീൻ ചെയ്യാനും കടകളിൽനിന്നും മറ്റുമുള്ള

വേസ്റ്റുകൾ പുഴയിലേക്ക് ഒഴുക്കുന്നത് തടയുവാനുമുള്ള നടപടി സ്വീകരിക്കണം. അതിന് മുഖം നോക്കാതെയുള്ള നടപടി അടിയന്തരമായി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് പ്രകാരം ജലാശയങ്ങളിൽ ഗാർഹിക വ്യാവസായിക മാലിന്യം പുറന്തള്ളാൻ പാടില്ലെന്ന് വ്യവസ്ഥയുണ്ട്. മലിനീകരണ നിയന്ത്രണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപടി കൈക്കൊള്ളുന്നതിന് മുൻസിപ്പാലിറ്റീസ് പഞ്ചായത്ത് രാജ് ആക്ടിൽ ഭേദഗതികൾ വരുത്തിയിട്ടുമുണ്ട്. കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി 17.7.2009-ൽ സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ അംഗീകരിച്ചുകൊണ്ട് 12.10.2014-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവുപ്രകാരം സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ സമഗ്ര പാരിസ്ഥിതിക സംരക്ഷണം ഉറപ്പാക്കി കുടിവെള്ളം സംരക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും മലിനീകരണ നിയന്ത്രണ ബോർഡിനെയും ഇതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം പ്രസ്താവിച്ചതുപോലെ ഭാരതപ്പുഴയുടെ ഇരുകരകളിലും സ്ഥിതി ചെയ്യുന്ന

ഗ്രാമ നഗര പ്രദേശങ്ങളിലുള്ള മാർക്കറ്റുകൾ, ഹോട്ടലുകൾ തുടങ്ങിയവിൽനിന്നും പുറന്തള്ളപ്പെടുന്ന ജൈവ മാലിന്യങ്ങൾ, സ്വീവേജ് എന്നിവ പുഴയുടെ മലിനീകരണത്തിന് കാരണമാകുന്നുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡ് കഴിഞ്ഞ വർഷങ്ങളിൽ പുഴയിലെ മോണിറ്ററിംഗ് സ്റ്റേഷനുകളിൽ നടത്തിയ പരിശോധനകളിൽ ക്വാളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം കണ്ടിട്ടുണ്ട്. ഭാരതപ്പുഴയുടെ മലിനീകരണം സംബന്ധിച്ച് ദേശീയ ഹരിത ട്രൈബ്യൂണൽ സ്വമേധയാ കേസ് എടുത്തിട്ടുള്ളതും അതിൽ 23.05.2016-ലെ ഉത്തരവുപ്രകാരം ഭാരതപ്പുഴയുടെ മലിനീകരണം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി അഞ്ചംഗ വിദഗ്ധ സമിതി രൂപീകരിച്ചിട്ടുമുണ്ട്. പ്രസ്തുത കമ്മിറ്റി ഭാരതപ്പുഴയിലെ മലിനീകരണ പ്രശ്നങ്ങൾ പഠിച്ച് അവ തടയുന്നതിനും നദിയുടെ പുനരുജ്ജീവനത്തിനുതകുന്ന നടപടികൾ ശിപാർശ ചെയ്യണമെന്ന് ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവായിട്ടുണ്ട്. ടി കമ്മിറ്റിയുടെ ശിപാർശകളിന്മേൽ സംസ്ഥാന മലിനീകരണ ബോർഡ് തുടർ നടപടി കൈക്കൊള്ളുന്നതാണ്. തെരഞ്ഞെടുപ്പിനുമുമ്പുതന്നെ നിളയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി പരസ്യമായി പറഞ്ഞിട്ടുള്ള കാര്യമാണ്. ഇപ്പോൾ ഹരിതകേരളം പദ്ധതിയുടെ

ഭാഗമായി പ്രഖ്യാപിക്കപ്പെട്ട കാര്യങ്ങളിൽ ഒരു ഭാഗം നിലവിലുള്ള കുളങ്ങളും തോടുകളും പുനരുജ്ജീവിപ്പിക്കലാണ്. അതിന്റെ രണ്ടാം ഘട്ടം കേരളത്തിലെ എല്ലാ നദികളെയും ശരിയായ രീതിയിൽ വീണ്ടെടുക്കലാണ്. അതിൽ ഏറ്റവും പ്രാധാന്യമുള്ള നദികളിൽ ഒന്നാണ് ഭാരതപ്പുഴ. ഭാരതപ്പുഴയെ സംരക്ഷിച്ച് ശുദ്ധമായ വെള്ളം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

മി. സ്പീക്കർ: കേരളത്തിലെ എല്ലാ നദികളും സംരക്ഷിക്കും എന്നതാണല്ലോ പ്രഖ്യാപനം. ചില നദികൾ റോൾ മോഡലായി എടുത്തുകൂടേ. ഇന്നോ നാളെയോ ഡോ. കെ. ജെ. യേശുദാസിന്റെ നേതൃത്വത്തിൽ ആലുവപ്പുഴയുമായി ബന്ധപ്പെട്ട് മലിനീകരണത്തിനെതിരെയുള്ള ഒരു നീക്കം നടക്കുന്നുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, എല്ലാ നദികളും സംരക്ഷിക്കുന്നതിനുള്ള നടപടികൾ തന്നെയാണ് സ്വീകരിക്കുന്നത്. ഇക്കാര്യത്തിൽ ഹരിതകേരളം പദ്ധതിയുടെ അംബാസിഡറാകാൻ സന്നദ്ധനാണെന്ന് ഡോ. കെ. ജെ. യേശുദാസ് അറിയിച്ചിട്ടുണ്ട്. എല്ലാ നദികളും സംരക്ഷിക്കുക എന്നതുതന്നെയാണ് നടപടി. ആദ്യം കുളങ്ങളും തോടുകളും വീണ്ടെടുക്കാനുള്ള നടപടിയാണ് സ്വീകരിക്കുന്നത്. രണ്ടാം ഘട്ടമായി

നദികളിലേക്കും കായലുകളിലേക്കും കടക്കാം.

പട്ടയഭൂമി വിതരണം

ശ്രീ. എസ്. രാജേന്ദ്രൻ: സർ, തോട്ടംതൊഴിലാളികൾക്ക് വീടില്ലാത്ത പ്രശ്നം വളരെ ഗൗരവമായി എൽ.ഡി.എഫ്. ഗവൺമെന്റ് ഏറ്റെടുത്തിട്ടുള്ള കാര്യം നമുക്കറിയാം. 1958-ൽ ആദ്യത്തെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റായ ഇ.എം.എസ് ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 258 ഏക്കർ ഭൂമി തോട്ടംതൊഴിലാളികൾക്ക് വീട് വയ്ക്കുന്നതിനായി മാറ്റിവച്ചിരുന്നു. അത് കെ.ഡി.എച്ച് ആക്ടനുസരിച്ചും ലാന്റ് ബോർഡ് അവാർഡനുസരിച്ചും ആവർത്തിച്ച് നിശ്ചയിച്ചിട്ടുള്ളതാണ്. 2010-ൽ വി.എസ്. ഗവൺമെന്റിലെ റവന്യൂവകുപ്പ് മന്ത്രി ശ്രീ. കെ. പി. രാജേന്ദ്രൻ ഉൾപ്പെടെയുള്ളവർ 3400 പേർക്ക് 5-10 സെന്റ് ഭൂമി പട്ടയമായി വിനിയോഗം ചെയ്തപ്പോൾ 770 പേർക്ക് ഭൂമി ലഭിച്ചു. ഇപ്പോൾ ആ ഭൂമിയിൽ പലരും വീടുവച്ച് താമസിച്ചുവരികയാണ്. യു.ഡി.എഫ് ഗവൺമെന്റ് അധികാരത്തിൽ വന്നതോടെ ബാക്കി 2630 പേർക്ക് ഭൂമി ലഭിച്ചില്ല. എന്നാൽ ഈ 2630 പേർക്ക് പട്ടയമുള്ളതിനാൽ കരം ഒടുക്കിവരുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഈ അവസരത്തിൽ പിണറായി ഗവൺമെന്റ് തോട്ടംതൊഴിലാളികൾക്ക് വീടുവച്ച് നൽകുന്നതിനായി

തുക നീക്കിവച്ചിട്ടുള്ളതും ആ നടപടിക്രമങ്ങളുമായി മുന്നോട്ടുപോകാനുള്ള താൽപ്പര്യം കാണിച്ചിട്ടുള്ളതുമാണ്. അതുകൊണ്ട് 2630 തോട്ടംതൊഴിലാളികൾക്ക് 5 സെന്റ് വീതം നൽകിയിട്ടുള്ള കരമൊടുക്കുന്ന പട്ടയ ഭൂമിയിൽ വീട് വയ്ക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിലെ കുറ്റ്യാർവാലിയിൽ 2300 പേർക്ക് 5 സെന്റ് ഭൂമിവീതം നൽകിയ പട്ടയങ്ങൾ പരിശോധിച്ച് അർഹതയുള്ളവർക്ക് നിയമാനുസരണം ഭൂമി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് 20-8-2015-ലെ 26533 എ 2/2015 നമ്പർ കത്തുപ്രകാരം നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അർഹത തിട്ടപ്പെടുത്തുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനുമായി ദേവികുളം ആർ.ഡി.ഒ യെയും ദേവികുളം തഹസീൽദാരെയും ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. മേൽപ്പറഞ്ഞ പട്ടയം സംബന്ധിച്ച് ആക്ഷേപങ്ങൾ ഉള്ളതിനാൽ വിജിലൻസും ദേവികുളം ആർ.ഡി.ഒ മുഖാന്തിരവും അന്വേഷണം നടന്നുവരുന്നു. ഈ അന്വേഷണം പൂർത്തിയാകുന്ന

മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതും അർഹതപ്പെട്ടവർക്കെല്ലാം പട്ടയം നൽകുന്നതുമായിരിക്കും.

ഇലക്ട്രിക്കൽ സെക്ഷൻ

ശ്രീ. കെ. രാജൻ: സർ, തൃശ്ശൂർ ഈസ്റ്റ് ഇലക്ട്രിക്കൽ ഡിവിഷന്റെ കീഴിലുള്ള ഏറ്റവും വലിയ ഇലക്ട്രിക്കൽ സെക്ഷനാണ് എന്റെ മണ്ഡലമായ ഒല്ലൂരിലെ പട്ടിക്കാട് ഇലക്ട്രിക്കൽ സെക്ഷൻ. 140 ചതുരശ്ര കിലോമീറ്ററാണ് ഈ സെക്ഷന്റെ വിസ്തീർണ്ണം. നിലവിൽ ഈ സെക്ഷന്റെ കീഴിൽ 143 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും 18000-ൽ അധികം ഉപഭോക്താക്കളുമുണ്ട്. എന്റെ മണ്ഡലത്തിൽ മാത്രമല്ല, തൃശ്ശൂർ കോർപ്പറേഷനിലേയ്ക്കും സമീപ പഞ്ചായത്തുകളിലേയ്ക്കും വെള്ളം പമ്പ് ചെയ്യുന്ന പമ്പിംഗ് സ്റ്റേഷനുകൾ പട്ടിക്കാട് സെക്ഷന്റെ കീഴിലാണ്. മാത്രമല്ല, കേരളത്തിലെ ശ്രദ്ധേയമായ സ്ഥാപനങ്ങളായ പീച്ചി ഡാം റിസർവോയർ, പീച്ചി ഹൈഡൽ പവർ ജനറേറ്റിംഗ് സ്റ്റേഷൻ, പീച്ചി ടൂറിസം ഡെസ്റ്റിനേഷൻ സെന്റർ, കെ.എഫ്.ആർ.ഐ., കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ബനാന റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, സ്റ്റേറ്റ് സീഡ് ഫാം തുടങ്ങിയ 150-ൽ അധികം സർക്കാർ

സ്ഥാപനങ്ങളും 3000-ത്തോളം കച്ചവട സ്ഥാപനങ്ങളും 300-ൽ അധികം വ്യവസായിക കണക്ഷനുകളുമെല്ലാം പ്രസ്തുത സെക്ഷന്റെ കീഴിലാണ്. മണ്ഡലത്തിലെ പ്രധാനപ്പെട്ട മൂന്ന് ആദിവാസി സങ്കേതങ്ങൾ ഈ സെക്ഷന്റെ കീഴിലാണ്. സെക്ഷൻ ആസ്ഥാനത്തുനിന്നും 40 കിലോമീറ്റർ അകലെ ഒളകര ആദിവാസി കോളനി, 25 കിലോമീറ്റർ അകലെ മണിയൻകിണർ കോളനി, 13 കിലോമീറ്റർ അകലെ എസ്.സി. കോളനിയായ താമരവെള്ളച്ചാൽ എന്നിവയുമുണ്ട്. 18 കിലോമീറ്റർ ദൈർഘ്യമുള്ള 33 കെ.വി. ഫീഡറിന്റെ മെയിന്റനൻസും ഈ സെക്ഷന്റെ കീഴിലാണ്. ദേശീയപാത ആറുവരിയാക്കുന്നതിന്റെ ഭാഗമായുള്ള എല്ലാ മെയിന്റനൻസ് പ്രവൃത്തികളും ഈ സെക്ഷനിൽ നിന്നും ഇപ്പോൾ നിർവ്വഹിക്കപ്പെടേണ്ടതുണ്ട്. വനപ്രദേശമായതുകൊണ്ട് എല്ലാദിവസവും മരംവീണ് വൈദ്യുതി മുടങ്ങുന്ന സ്ഥിതിയുണ്ട്. ഈ സാഹചര്യത്തിൽ നിലവിലെ പരിമിതമായ ഉദ്യോഗസ്ഥരെയും സംവിധാനങ്ങളെയും ഉപയോഗിച്ച് പ്രസ്തുത സെക്ഷൻ മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത സ്ഥിതിയാണ്. വൈദ്യുതി പ്രസരണത്തിനും പ്രവാഹത്തിനും തടസ്സം നേരിടുന്ന പ്രശ്നങ്ങളും വോൾട്ടേജ് ക്ഷാമവുമുണ്ട്. ഈ സാഹചര്യത്തിൽ നിലവിൽ പട്ടിക്കാട് സെക്ഷൻ

ഉപഭോക്താക്കളെയും തൊട്ടടുത്ത പുത്തൂർ, നടത്തറ സെക്ഷൻ പ്രദേശത്തെ ആളുകളെയും കൂടിചേർത്ത് ഈ സെക്ഷൻ വിഭജിച്ച് പീച്ചി ആസ്ഥാനമാക്കി പുതിയ ഇലക്ട്രിക്കൽ സെക്ഷൻ രൂപീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, പീച്ചിയിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലുകളൊന്നും നിലവിലില്ല. പുതിയ സെക്ഷനുകൾ ആരംഭിക്കുന്നതിനുള്ള സബ്മിഷന്റെ അടിസ്ഥാനത്തിൽ പട്ടിക്കാട് ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് പൂത്തൂർ, നടത്തറ എന്നീ സെക്ഷനിലെ ഉപഭോക്താക്കളെ ഉൾപ്പെടുത്തി പീച്ചി കേന്ദ്രീകരിച്ച് സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം സംബന്ധിച്ച് പരിശോധന നടത്തി. നിലവിലുള്ള സെക്ഷൻ ആഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും ഉപഭോക്താക്കൾ 20000-ൽ അധികമാവുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണഗതിയിൽ നിലവിലുള്ള സെക്ഷൻ ആഫീസുകൾ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ് രൂപീകരിക്കുന്നത്. റിസർവോയർ ഏര്യ ഉൾപ്പെടെ 140 ചതുരശ്ര

കിലോമീറ്റർ വിസ്തീർണ്ണമുള്ള പട്ടിക്കാട് ഇലക്ട്രിക്കൽ സെക്ഷൻ ആഫീസിന്റെ കീഴിൽ 18000 ഉപഭോക്താക്കളും 37 ചതുരശ്രകിലോമീറ്റർ വിസ്തീർണ്ണമുള്ള നടത്തറ ഇലകട്രിക്കൽ സെക്ഷന്റെ കീഴിൽ 16475 ഉപഭോക്താക്കളും 55 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള പൂത്തൂർ സെക്ഷന്റെ കീഴിൽ 13731 ഉപഭോക്താക്കളും ആണുള്ളത്. സെക്ഷൻ വിഭജനത്തിന് നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം പട്ടിക്കാട്, പൂത്തൂർ, നടത്തറ എന്നീ സെക്ഷനുകൾ വിഭജനത്തിന് പാകമായിട്ടില്ലെന്നുള്ളതാണ് ഇന്നത്തെ അവസ്ഥ.

തിരൂർ കെ.എസ്.ഇ.ബി സബ്ഡിവിഷൻ

ശ്രീ. വി. അബ്ദുറഹിമാൻ: സർ, താനൂർ നിയോജകമണ്ഡലത്തിലെ മുഴുവൻ ഭാഗങ്ങളും തിരൂരിന്റെ പകുതിയിലേറെ ഭാഗങ്ങളും ഉൾപ്പെടുന്നതാണ് തിരൂർ സബ്ഡിവിഷൻ. തിരൂർ ഈസ്റ്റ്, തിരൂർ വെസ്റ്റ്, പൊൻമണ്ടം, താനാളൂർ, താനൂർ ഈസ്റ്റ്, താനൂർ വെസ്റ്റ് എന്നീ 6 മേഖലകളിലായി വ്യാപിച്ചുകിടക്കുന്നതാണ് തിരൂർ സബ്ഡിവിഷൻ. ഒന്നേകാൽ ലക്ഷം ഉപഭോക്താക്കളും 500-ൽ അധികം ട്രാൻസ്ഫോർമറുകളുമുള്ള വിശാലമായ മേഖലയാണിത്. ഇക്കാരണത്താൽ താനൂർ മേഖലയിലെ ഉപഭോക്താക്കൾക്ക് ഒട്ടേറെ ബുദ്ധിമുട്ടും സമയ-സാമ്പത്തിക നഷ്ടവും സംഭവിക്കുന്നു. മാത്രമല്ല,

അറ്റകുറ്റപ്പണികൾക്കും മികച്ച സേവനത്തിനും വൈഷമ്യം നേരിടുന്നു. സാധാരണ മൂന്ന് മേഖലകളാണ് ഒരു സബ്ഡിവിഷന്റെ കീഴിൽ വരുന്നത്. പരിധിയുടെ ഇരട്ടിയാണ് തിരൂർ സബ്ഡിവിഷൻ മേഖല. ആയതിനാൽ താനൂർ കേന്ദ്രമാക്കി സബ്ഡിവിഷൻ രൂപീകരിച്ചാൽ ജനങ്ങൾക്കും ബോർഡിനും വളരെയേറെ നേട്ടങ്ങൾ ലഭിക്കും. ആയതിനുള്ള നടപടി സ്വീകരിക്കുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, തിരൂർ ഇലക്ട്രിക്കൽ ഡിവിഷന്റെ കീഴിലുള്ള തിരൂർ ഈസ്റ്റ് സബ്ഡിവിഷൻ വിഭജിച്ച് താനൂർ ആസ്ഥാനമായി പുതിയ സബ്ഡിവിഷൻ രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു. തിരൂർ ഇലക്ട്രിക്കൽ ഡിവിഷന്റെ കീഴിൽ തിരൂർ ഈസ്റ്റ്, ആലത്തിയൂർ, പുത്തനത്താണി, വളാഞ്ചേരി എന്നീ നാല് സബ്ഡിവിഷനുകളാണുള്ളത്. തിരൂർ ഈസ്റ്റ് സബ്ഡിവിഷന്റെ കീഴിൽ ആറ് ഇലക്ട്രിക്കൽ സെക്ഷനുകളാണുള്ളത്. 331 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള തിരൂർ ഈസ്റ്റ് സബ്ഡിവിഷന്റെ കീഴിൽ ഏകദേശം 94000 ഉപഭോക്താക്കളാണുള്ളത്. മേപ്പടി സബ്ഡിവിഷന്റെ

കീഴിൽ 492 ട്രാൻസ്ഫോർമറുകളും 294.38 കിലോമീറ്റർ എച്ച്.ടി. ലൈനും 1507 കിലോമീറ്റർ എൽ.ടി. ലൈനുമുണ്ട്. നിലവിലുള്ള മറ്റ് സബ്ഡിവിഷനുകളുമായി താരതമ്യം ചെയ്യുമ്പോൾ വിസ്തൃതിയുടെ കാര്യത്തിൽ 40-ാം സ്ഥാനത്ത് മാത്രമുള്ള മേപ്പടി സബ്ഡിവിഷൻ ഉപഭോക്താക്കളുടെ എണ്ണത്തിന്റെ കാര്യത്തിൽ 11-ാം സ്ഥാനത്തും ട്രാൻസ്ഫോർമറുകളുടെ എണ്ണത്തിന്റെ കാര്യത്തിൽ 21-ാം സ്ഥാനത്തും എച്ച്.ടി., എൽ.ടി. ലൈനുകളുടെ നീളത്തിന്റെ കാര്യത്തിൽ യഥാക്രമം 74, 70 എന്നീ സ്ഥാനങ്ങളിലുമാണുള്ളത്. കെ.എസ്.ഇ.ബി യുടെ കീഴിൽ ആറോ അതിലധികമോ ഇലക്ട്രിക്കൽ സെക്ഷനുകളുള്ള 15 ഇലക്ട്രിക്കൽ സബ്ഡിവിഷനുകളുണ്ട്. പുതിയതായി സബ്ഡിവിഷൻ ആഫീസ് ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുന്നതിനാലും പുതിയതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങളുള്ളതിനാലും ഇപ്പോൾ പുതിയ സബ്ഡിവിഷൻ ആഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള ആഫീസുകളുടെ പുന:ക്രമീകരണം പരിശോധിച്ചുവരികയാണ്. അതോടൊപ്പം ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള സംവിധാനങ്ങളും നടപ്പിലാക്കുന്നുണ്ട്. ആയതിനാൽ തിരൂർ ഈസ്റ്റ്

സബ്ഡിവിഷൻ വിഭജിച്ച് താനൂർ ആസ്ഥാനമായി പുതിയ സബ്ഡിവിഷൻ രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.